REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-05-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് അതി തീവ്ര മഴ തുടരുന്നു. കാസർകോട്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ ചുവപ്പു ജാഗ്രത.**
- **ഭീകരതയ്ക്കെതിരായ സന്ദേശമെത്തിക്കാൻ കേന്ദ്രഗവൺമെന്റ് രൂപീകരിച്ച സർവ്വകക്ഷി പ്രതിനിധി സംഘം ലോകരാജ്യങ്ങളിൽ പര്യടനം തുടരുന്നു.**
- **സംസ്ഥാനത്ത് ചെറിയ തോതിൽ കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും ആശങ്ക വേണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ, പാസിംഗ് ഔട്ട് പരേഡ്, നാളെ**
- **ചണ്ഡീഗഡിൽ IPL ക്രിക്കറ്റിൽ, പഞ്ചാബ് കിംഗ്സിനെ 8 വിക്കറ്റിന് തോൽപ്പിച്ച്, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു, ഫൈനലിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് അതിതീവ്ര മഴയെ തുടർന്ന് ഇന്ന് കാസർക്കോട്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകിയതായി കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. 11 ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കാസർഗോഡ്, കണ്ണൂർ, പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലും ആലപ്പുഴയിലെ കുട്ടനാട് താലൂക്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു.

✪✪✪

കണ്ണൂർ, ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ, സ്പെഷ്യൽ ക്ലാസുകൾ എന്നിവയ്ക്ക് ഇന്ന് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു.

കാസർകോട് ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, സ്പെഷ്യൽ ക്ലാസുകൾ, അങ്കണവാടികൾ, തുടങ്ങിയവയ്ക്ക് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകളിൽ മാറ്റമില്ല.

ഇടുക്കി ജില്ലയിലെ മദ്രസകൾ, ട്യൂഷൻ സെന്ററുകൾ, ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു.

തൃശൂർ ജില്ലയിൽ കനത്ത മഴ തുടരുന്നതിനാൽ മുൻകരുതൽ നടപടിയുടെ ഭാഗമായി ജില്ലയിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകിയതായി ജില്ലാ കലക്ടർ അറിയിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റം ഉണ്ടായിരിക്കില്ല.

ശക്തമായ മഴയും കാറ്റും കണക്കിലെടുത്ത് എറണാകുളം ജില്ലയിലും പ്രൊഫഷണൽ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയായിരിക്കും. അങ്കണവാടികൾക്കും ട്യൂഷൻ സെന്ററുകൾക്കും അവധി ബാധകമാണ്.

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി ആയിരിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

പാലക്കാട്, പത്തനംതിട്ട, ആലപ്പുഴ കുട്ടനാട് താലൂക്കിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും.

✪✪✪

കണ്ണൂർ ജില്ലയിൽ കനത്ത മഴ തുടരുന്നു. ജില്ലയിൽ ഇതുവരെ 344 വീടുകളാണ് കാലവർഷക്കെടുതിയിൽ തകർന്നത്. ഇതിൽ ആറെണ്ണം പൂർണ്ണമായും തകർന്നു. കാർഷിക മേഖലയിലും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി.

✪✪✪

കോഴിക്കോട് ജില്ലയിൽ മഴ കുറഞ്ഞതോടെ രാമനാട്ടുകര വില്ലേജിൽ പ്രവർത്തിച്ചിരുന്ന ക്യാമ്പ് ഒഴിവാക്കി. വടകര താലൂക്കിൽ ഒന്നും കോഴിക്കോട് താലൂക്കിൽ രണ്ടും ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വടകര വിലങ്ങാട് വില്ലേജിലെ ക്യാമ്പിൽ 100 പേരാണ് കഴിയുന്നത്.

✪✪✪

കുമ്പളം കായലിൽ വള്ളം മറിഞ്ഞ് മീൻ പിടിക്കുകയായിരുന്ന രണ്ട് മത്സ്യത്തൊഴിലാളികളിൽ ഒരാളെ കാണാതായി. പറവൂർ കെടാമംഗലം സ്വദേശി രാമകൃഷ്ണനെയാണ് കാണാതായത്. കൂടെയുണ്ടായിരുന്നയാൾ നീന്തി രക്ഷപ്പെട്ടു.

✪✪✪

പത്തനംതിട്ട ജില്ലയിലും മഴ തുടരുന്നു.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി എസ് ശ്രീധർ.

...(വോയ്സ്)......

✪✪✪

ഇടുക്കിയിൽ കനത്ത മഴ തുടരുന്നു. രാത്രി നിരവധിയിടങ്ങളിൽ മണ്ണിടിച്ചിലും മരം വീഴ്ചയുമുണ്ടായി. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഉരുൾപ്പൊട്ടൽ സാധ്യത കണക്കിലെടുത്ത് ജനങ്ങളെ മാറ്റി താമസിപ്പിക്കാൻ ജില്ലാ കലക്ടർ ഉത്തരവിട്ടു.

ഇടുക്കി, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ ഇന്നലെ രാത്രി അഞ്ച് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 16 കുടുംബങ്ങളിലെ 39 പേരെ

ക്യാമ്പുകളിലേക്ക് മാറ്റി. മുൻകരുതൽ നടപടിയുടെ ഭാഗമായി ജില്ലയിൽ, മലയോര മേഖലകളിലൂടെ രാത്രി ഗതാഗതം പൂർണമായി നിരോധിച്ചു.

കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിലെ ചിലയിടങ്ങളിൽ പകൽ സമയവും, കർശന യാത്രാ നിയന്ത്രണമുണ്ട്. ഇതോടൊപ്പം ജില്ലയിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും അടച്ചു പൂട്ടാനും കലക്ടർ ഉത്തരവിട്ടു. തോട്ടം തൊഴിലാളികൾക്കും തൊഴിലുറപ്പ് ജോലിക്കാർക്കും അവധി നൽകി.

✪✪✪

തിരുവനന്തപുരം ജില്ലയിലും കനത്ത മഴ. ശക്തമായ കാറ്റിലും വ്യാപക നാശനഷ്ടം. പലയിടങ്ങളിലും വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞുവീണ് വൈദ്യുതി നിലച്ചു. കരമന, മേലാറന്നൂരിൽ കാറിനും ഇരു ചക്രവാഹനങ്ങൾക്കും മുകളിൽ മരം വീണു.

✪✪✪

ഭീകരതയെ ഉന്മൂലനം ചെയ്യാൻ രാജ്യം നടത്തുന്ന അചഞ്ചലമായ സമർപ്പണത്തിന്റെ സന്ദേശമെത്തിക്കാൻ കേന്ദ്രഗവൺമെന്റ് രൂപീകരിച്ച സർവ്വകക്ഷി പ്രതിനിധി സംഘം ലോകരാജ്യങ്ങളിൽ പര്യടനം തുടരുന്നു.

NCP എം.പി സുപ്രിയ സുലെ നേതൃത്വം നൽകുന്ന പ്രതിനിധി സംഘം ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് സെക്രട്ടറി ജനറൽ, ഫിക്കിലെ എംബലൂല യുമായി കൂടിക്കാഴ്ച നടത്തി.

ഡെസ്ക്ക് റിപ്പോർട്ട്....

....(വോയ്സ്)....

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇടപെടുന്നതിൽ ദക്ഷിണാഫ്രിക്ക ഇന്ത്യയുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ പ്രതിജ്ഞയെടുത്തതായി എംബലൂല പറഞ്ഞു.

ശിവസേനാ MP ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലെ ബഹുകക്ഷിസംഘം കോംഗോയിലെ സീറാലിയോണിലെത്തി. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരോട് ആദരസൂചകമായി സീറാലിയോൺ പാർലമെന്റ് ഒരു നിമിഷം മൗനം ആചരിച്ചതായി ശ്രീകാന്ത് ഷിൻഡെ അറിയിച്ചു.

BJP എം പി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലെ സർവ്വകക്ഷിസംഘം ഡെൻമാർക്കിലെ കോപ്പൻഹേഗിലെത്തി. ഇന്ത്യൻ അംബാസിഡർ മനീഷ് പ്രഭാത് പ്രതിനിധി സംഘത്തെ സ്വീകരിച്ചു. പനാമയിലെ സർവ്വകക്ഷിസംഘത്തെ

നയിക്കുന്ന കോൺഗ്രസ് MP ശശി തരൂർ, ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ഉറച്ച നിലപാട് ആവർത്തിച്ചു. ആക്രമണങ്ങളുണ്ടായാൽ രാജ്യം വീണ്ടും തിരിച്ചടി നൽകുമെന്ന് അദ്ദേഹം പറഞ്ഞു. പഹൽഗാം ഭീകരാക്രമണം കശ്മീരി സമ്പദ് വ്യവസ്ഥയെ തകർക്കാൻ പാകിസ്ഥാൻ നടത്തിയ നിന്ദ്യമായ ശ്രമമാണെന്നും തരൂർ പറഞ്ഞു.

BJP എം പി ബൈജയന്ത് പാണ്ഡ നേതൃത്വം നൽകുന്ന സർവ്വകക്ഷി സംഘം സൗദി അറേബ്യയിലെ നൈഫ് അറബ് യൂണിവേഴ്സിറ്റി സന്ദർശിച്ചു. പ്രതിനിധി സംഘത്തെ പ്രസിഡണ്ട് അബ്ദുൽ മജീദ് അൽ ബയാൻ സ്വീകരിച്ചു. ഭീകരതയ്ക്കെതിരായ ഉറച്ച കാഴ്ചപ്പാട് പ്രതിനിധി സംഘം പങ്കുവെച്ചു.

DMK എം പി കനിമൊഴി നേതൃത്വം നൽകുന്ന സംഘം ഗ്രീക്ക് വിദേശകാര്യമന്ത്രാലയ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ഭീകരതയ്ക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത ഇന്ത്യൻ നിലപാട് സംഘം വിശദീകരിച്ചു. അക്രമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കാതിരിക്കാൻ ഗ്രീസിന്റെ പിന്തുണ ഇന്ത്യ ആവശ്യപ്പെട്ടു.

സഞ്ജയ് കുമാർ ഝാ നേതൃത്വം നൽകുന്ന സർവ്വകക്ഷി സംഘം ഇന്തൊനേഷ്യയിലെ ജക്കാർത്തയിൽ ചിന്തകരും ഗവേഷകരുമായി ഭീകരവിരുദ്ധ ആശയങ്ങൾ പങ്കുവെച്ചു.

✪✪✪

ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ പ്രധാന ചുവടുവയ്പ്പായി, രാജ്യത്തിന്റെ കാർഷിക മേഖലയെ വികസിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഒഡീഷയിൽ, വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ, ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

കേന്ദ്ര ഗവൺമെന്റ്, കൃഷിയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പരിഹരിക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. രാജ്യത്തിന്റെ കാർഷിക മേഖലയെ ആധുനിക വൽക്കരിക്കാനും ശാസ്ത്ര സാങ്കേതികവിദ്യ കൃഷിക്ക് എങ്ങനെ പ്രയോജനപ്പെടുമെന്ന് പര്യവേക്ഷണം ചെയ്യാനും ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും പ്രധാനമന്ത്രി എടുത്തു പറഞ്ഞു.

✪✪✪

TB ക്കെതിരായ പോരാട്ടത്തിൽ ഫലപ്രദവും ശാശ്വതവുമായ മാറ്റം കൊണ്ടുവരാൻ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാകണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി JP നദ്ദ ആവശ്യപ്പെട്ടു. TB , മീസിൽസ്-റൂബെല്ല രോഗ നിർമ്മാർജ്ജന

പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

സംയുക്ത സേനാ മേധാവി, ജനറൽ അനിൽ ചൗഹാൻ, മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ന് സിംഗപ്പൂരിലെത്തും. ഷാൻഗ്രി-ലാ ഡയലോഗിന്റെ 22-ാമത് പതിപ്പിൽ പങ്കെടുക്കാനാണ് അദ്ദേഹത്തിന്റെ സന്ദർശനം.

ഏഷ്യയിലെ ഏറ്റവും വലിയ സുരക്ഷാ ഉച്ചകോടിയാണ്, ഷാൻഗ്രി-ലാ ഡയലോഗ്.

✪✪✪

നവകേരളാ സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികൾ നടപ്പാക്കാൻ കോഴിക്കോട് ജില്ലയ്ക്ക് 91 കോടി രൂപ അനുവദിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ജില്ലയിലെ 13 നിയമസഭാ മണ്ഡലങ്ങളിൽ ഏഴ് കോടി രൂപയുടെ വീതം വികസന പദ്ധതികളാണ് നടപ്പാക്കുക. സംസ്ഥാനത്താകെ 982 കോടിയിലധികം രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്. മുഖ്യമന്ത്രിയും മന്ത്രിമാരും 140 നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിച്ച് ജനങ്ങളുമായി സംവദിച്ചതിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളാണ് വികസന പദ്ധതികളായി നടപ്പാക്കുന്നത്.

✪✪✪

രാജ്യത്തെ ഒന്നരകോടി കർഷകരുമായി കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും നേരിട്ടു സംവദിക്കുന്ന 'വികസിത് കൃഷി സങ്കല്പ് അഭിയാൻ' പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ തുടക്കമായി. ജില്ലയിൽ ICAR ഉം, ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രവും, കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

കൊച്ചി തീരത്ത് നിന്ന് 38 നോട്ടിക്കൽ മൈൽ അകലെ കണ്ടെയ്നർ കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിലെ പരിസ്ഥിതി ആഘാതത്തെക്കുറിച്ച് കൊച്ചിയിലെ സെൻട്രൽ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം ആരംഭിച്ചു. എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് പഠനം നടത്തുന്നത്.

ജില്ലകളിലെ 10 സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച വെള്ളത്തിന്റെയും, മണ്ണിന്റെയും സാമ്പിളുകൾ പരിശോധിച്ചു വരികയാണെന്ന് CMFRI അറിയിച്ചു.

✪✪✪

കൊച്ചിയിൽ നിന്ന് 38 നോട്ടിക്കൽ മൈൽ അകലെ കടലിൽ മുങ്ങിയ, കപ്പലിൽ നിന്ന് എണ്ണ വ്യാപനം നേരിടാൻ കോസ്റ്റ് ഗാർഡിന്റെ ICGS സമുദ്ര പ്രഹരി, ICGS വിക്രം എന്നീ കപ്പലുകൾ പ്രദേശത്ത് തുടരുകയാണെന്ന് നാവിക സേന അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ചെറിയ തോതിൽ കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ ജില്ലകളിലും പരിശോധനാ സംവിധാനങ്ങളും ആവശ്യമായ മരുന്നുകളും ഉറപ്പുവരുത്തിയതായി അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. സംസ്ഥാനത്ത് ആകെ സജീവ കോവിഡ് കേസുകൾ 727 ആണ്.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ, പാസിംഗ് ഔട്ട് പരേഡ്, നാളെ നടക്കും. ദക്ഷിണ നാവിക സേനാ മേധാവി, വൈസ് അഡ്മിൻ, V ശ്രീനിവാസ്, സല്യൂട്ട് സ്വീകരിക്കും.

187 പേരാണ് പരിശീലനം പൂർത്തിയാക്കിയത്. 42 പേർ വനിതാ കേഡറ്റുകളാണ്. അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ ബംഗ്ലാദേശ്, ശ്രീലങ്ക, ടാൻസാനിയ, സീഷെൽസ് എന്നീ രാജ്യങ്ങളിലെ ആറു പേരും നാളത്തെ പരേഡിൽ പങ്കെടുക്കും. പരിശീലന കാലത്ത് കേഡറ്റുകൾ ആർജിച്ച വിവിധ അഭ്യാസ മുറകൾ ഇന്നലെ അക്കാദമിയിൽ പ്രദർശിപ്പിച്ചു. രാവിലെ ബിരുദദാന ചടങ്ങും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ചണ്ഡീഗഡിൽ IPL ക്രിക്കറ്റിൽ, പഞ്ചാബ് കിംഗ്സിനെ 8 വിക്കറ്റിന് തോൽപ്പിച്ച്, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു, ഫൈനലിൽ പ്രവേശിച്ചു.

ഇന്ന് മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ചണ്ഡീഗഡിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

വിദ്യാർത്ഥികളിൽ ഗവേഷണ താൽപര്യം വളത്താൻ സംഘടിപ്പിക്കുന്ന ഭൗതിക ശാസ്ത്ര കോൺഫറൻസ് - 'ഫൈകോൺ-2025' ഇന്ന് കൂത്തുപറമ്പ് നിർമലഗിരി കോളജിൽ ചേരും. ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ കഴിയുന്ന വേദിയാണ് 'ഫൈകോൺ'. കണ്ണൂർ സർവകലാശാലയുടെയും, സർവ്വകലാശാലയിലെ

വിവിധ അഫിലിയേറ്റഡ് കോളേജുകളിലെ ഫിസിക്സ് വിഭാഗങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിലാണ് കോൺഫറൻസ്. കേരളത്തിൽ ആദ്യമായാണ് ഇത് സംഘടിപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് ബീച്ചിൽ കുട്ടിയെ തട്ടികൊണ്ടു പോവാൻ ശ്രമിച്ച നാടോടി ദമ്പതികൾ പിടിയിലായി. പുതിയകടവിൽ വെച്ച് കുട്ടിയെ തട്ടിയെടുക്കാൻ ശ്രമിച്ച മംഗലാപുരം സ്വദേശികളായ ശ്രീനിവാസൻ, ലക്ഷ്മി എന്നിവരെയാണ് വെള്ളയിൽ പൊലീസ് അറസ്റ്റ് ചെയ്തത്.

ബേപ്പൂർ സ്വദേശിയുടെ 7 വയസ്സായ മകനെയാണ് കളിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ തട്ടികൊണ്ടുപോകാൻ ശ്രമിച്ചത്. കുട്ടി ബഹളം വച്ചതിനെ തുടർന്ന്, നാട്ടുകാർ ഓടിക്കൂടുകയും പ്രതികളെ തടഞ്ഞു വെച്ച് പൊലീസിൽ അറിയിക്കുകയുമായിരുന്നു.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ലഹരിക്കെതിരെ സംഘടിപ്പിക്കുന്ന 'മെഗാ ക്യാമ്പയിൻ ടൂ മില്യൺ പ്ലഡ്ജി' ന്റെ ഭാഗമായി താഴെത്തട്ടിലെ പ്രവർത്തനം ഊർജിതമാക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി അറിയിച്ചു. അടുത്ത മാസം 26- നാണ് ക്യാമ്പയിൻ. 20 ലക്ഷം പേർ ക്യാമ്പയിനിൽ പങ്കാളികളാകും.

✪✪✪

---

***News Editor : വി കെ സുരേഷ്***
***News Reader: അനുഷ ആത്മപ്രകാശ്***
***News Team: നിഷിത കുമാരി***
***DEO : ഷീബ***